**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആശുപത്രി കെട്ടിടങ്ങളുടെ സുരക്ഷാ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടം തകർന്ന് വീണ് ഒരു സ്ത്രീ മരിക്കാനിടയായ സംഭവത്തെ തുടർന്ന് സംസ്ഥാനത്തെ വിവിധ ആശുപത്രി കെട്ടിടങ്ങളുടെ ബലക്ഷയം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ഉണ്ട്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലെയും കെട്ടിടങ്ങളുടെ സ്ഥിരത പരിശോധിക്കാൻ തീരുമാനിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ അതാത് മെഡിക്കൽ കോളേജുകളിൽ തന്നെയുള്ള പൊതുമരാമത്ത് (കെട്ടിട) വിഭാഗവും ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ പൊതുമരാമത്ത് വകുപ്പോ തദ്ദേശ സ്ഥാപനങ്ങൾക്ക് ചുമതലയുള്ള ഇടങ്ങളിൽ അവിടുത്തെ എഞ്ചിനീയറിംഗ് വിഭാഗമോ ആണ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടത്. കോട്ടയം മെഡിക്കൽ കോളേജിലെ ടോയ്‌ലെറ്റ് ബ്ലോക്ക് തകർന്നു വീണതിനെ തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.08.2025ന് ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ പൊതുകെട്ടിടങ്ങളിൽ ഘടനാപരമായി ബലഹീനമായിട്ടുള്ളവയെക്കുറിച്ച് പഠനം നടത്തി പൊളിച്ചു മാറ്റേണ്ടവയുടെ കാര്യത്തിൽ അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബലഹീനമായിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഉള്ള അധികാരം ജില്ലാ കളക്ടർമാർക്ക് നൽകാവുന്നതാണെന്നും അടിയന്തര ഘട്ടങ്ങളിൽ 2005 -ലെ ദുരന്ത നിവാരണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്നും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഴയ കെട്ടിടങ്ങളുടെ തൽസ്ഥിതി വിവരങ്ങൾ ശേഖരിക്കുകയും അപകടകരമായി നിലനിൽക്കുന്നവയുടെ തീവ്രത കണ്ടെത്തി പൊളിച്ചുമാറ്റേണ്ടവയെ Major, Minor എന്നിങ്ങനെയും തരം തിരിച്ചും, അറ്റകുറ്റപ്പണികൾ ഉള്ള കെട്ടിടങ്ങളുടെ എണ്ണവും അടങ്ങുന്ന വിശദമായ** |

| | | | |
|---|---|---|---|
| | | | **പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. PWD, IIT, NIT മുതലായ സർക്കാർ ഏജൻസികളുടെ വിദഗ്ദ്ധമായ പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടങ്ങളുടെ അപാകതകൾ (Retrofixing) പരിഹരിച്ച് പുനരുപയോഗിക്കുന്നതിനും അല്ലായെങ്കിൽ പൊളിച്ചു നീക്കി പുതിയ കെട്ടിടങ്ങൾ പണിയുന്നതിലേക്കായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.**<br><br>**കൂടാതെ, സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സർക്കാരിന് നിരീക്ഷിക്കുന്നതിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഫിറ്റ്നസ് പോർട്ടൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രൈസ് സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്ത് നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | ആശുപത്രി കെട്ടിടങ്ങളുടെ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന്റെ ഭാഗമായി ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സുരക്ഷാ ഓഡിറ്റിന്റെ ഭാഗമായി അതാത് ജില്ലകളിലെ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ പൈലറ്റ് സ്റ്റഡി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സുരക്ഷാ ഓഡിറ്റ് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | ആശുപത്രികളിലെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് അതീവ ഗൗരവത്തോടെ പരിഗണിച്ചിരുന്നു. ആയതിന്റെ ഭാഗമായി Code Grey Protocol നടപ്പിലാക്കുന്നത് സർക്കാർ മുൻഗണനാ പദ്ധതിയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ സുരക്ഷാ ഓഡിറ്റ് പൂർത്തീകരിക്കുകയും മറ്റ് മേജർ ആശുപത്രികളിൽ സുരക്ഷാ മേഖലയുമായി ബന്ധപ്പെട്ട ഗ്യാപ് അനാലിസിസ് ഇതിനോടകം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ